# CENTRAL BOARD OF SECONDARY EDUCATION

## SAMPLE QUESTION PAPER FOR SSCE - 2023-24

Std XII — Maximum Marks : 80

TIME ALLOWED : 3 Hrs — ആകെ മാർക്ക് : 80

അനുവദിച്ച സമയം : 3 മണിക്കൂർ

## MALAYALAM (CODE - 112)

*The question paper is divided into three sections :*

*Section A : Objective (MCQ) - 25 Marks*

*Section B : Descriptive - 40 Marks*

*Section C : Creative Writing - 15 Marks*

### Section : A / എ വിഭാഗം

**1.** ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (5x1=5)

1.(a) ഒരു ധർമ്മിയിൽ മറ്റൊരു ധർമ്മത്തെ ഉത്പേക്ഷിച്ചാൽ അത് ഉത്പ്രേക്ഷയുടെ ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു?

(a) ഫലോൽപ്രേക്ഷ (b) ധർമ്മോൽപ്രേക്ഷ

(c) ഹേതുൽപ്രേക്ഷ (d) ധർമ്മ്യുൽപ്രേക്ഷ

1.(b) കാരണമില്ലാത്തതിനെ കാരണമാക്കി കല്പ്പിക്കുന്ന അലങ്കാരമേത്?

(a) ധർമ്മ്യുൽപ്രേക്ഷ (b) ധർമ്മോൽപ്രേക്ഷ

(c) ഹേതുൽപ്രേക്ഷ (d) ഫലോൽപ്രേക്ഷ

1.(c) വസ്തുൽപ്രേക്ഷ എന്നറിയപ്പെടുന്ന ഉൽപ്രേക്ഷാവിഭാഗം ഏതാണ്?

(a) ഫലോൽപ്രേക്ഷ (b) ധർമ്മോൽപ്രേക്ഷ

(c) ഹേതുൽപ്രേക്ഷ (d) ധർമ്മ്യുൽപ്രേക്ഷ

1.(d) ഉത്പ്രേക്ഷ ഏത് അലങ്കാരവിഭാഗത്തിലാണ് ഉൾപ്പെടുന്നത്?

(a) അതിശയോക്തി (b) സാമ്യോക്തി

(c) വാസ്തവോക്തി (d) ശ്ലേഷോക്തി

1.(e) അവർണ്യ വസ്തുവിന് അലങ്കാരശാസ്ത്രത്തിൽ പറയുന്ന പേരെന്ത്?

(a) ഉപമേയം (b) സാധാരണധർമ്മം

(c) ഉപമാവാചകം (d) ഉപമാനം

1.(f) ഉത്പ്രേക്ഷ എന്ന വാക്ക് കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

(a) സാദൃശ്യം (b) ഊഹം

(c) അതിശയം (d) വാസ്തവം

1.(g) യഥാർത്ഥത്തിൽ ഫലമില്ലാത്തതിനെ ഫലമായി കല്പിക്കുന്ന അലങ്കാരമേത്?

(a) രശനോപമ (b) ഫലോല്പ്രേക്ഷ

(c) രൂപകം (d) ഹേതുൽപ്രേക്ഷ

**2.** ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.
(ഓരോന്നിലും അഞ്ച് ഉപചോദ്യങ്ങൾ ഉണ്ട്) (5x2=10)

2.(a)(i) 'വിഷാദം കടമ്മനിട്ട കവിതയിൽ വിലയിച്ചൊഴുകുന്ന ഒരു കാട്ടാറല്ല. തിളച്ചു മറിയുന്ന പ്രവാഹത്തിൽ നിന്നുയരുന്ന പൊള്ളിക്കുന്ന നീരാവിയാണ്'. ആരുടെ വാക്കുകളാണിത്.

(a) സുകുമാർ അഴിക്കോട് (b) ഡോ.എം.ലീലാവതി
(c) എം.കെ.സാനു (d) ഒ.എൻ.വി.കുറുപ്പ്

(ii) 'കിരാതവൃത്തം' എന്ന കവിതയിലെ കാട്ടാളനെന്ന സങ്കൽപം കവി ഏത് പടയണിക്കോലത്തിൽ നിന്നാണ് സ്വാംശീകരിച്ചത്?

(a) ഭൈരവിക്കോലം (b) ഗണപതിക്കോലം
(c) കാലൻകോലം (d) മറുതക്കോലം

2.(b)(i) 'കുറവു പറഞ്ഞു നശിപ്പിക്കുന്നു
കുറവറ്റീടിന മുനികുലനാഥൻ'- മുനികുലനാഥൻ ആര്?

(a) കൃഷ്ണൻ (b) സുതപസ്
(c) ഉഗ്രതപസ് (d) ഭൃഗു

(ii) ശീലാവതി ചരിതം ഏത് തുള്ളലിൽ നിന്നെടുത്തിട്ടുള്ളതാണ്?

(a) ഓട്ടൻതുള്ളൽ (b) പറയൻ തുള്ളൽ
(c) ശീതങ്കൻ തുള്ളൽ (d) പടയണി

2.(c)(i) 'ഭരിച്ചു കൊൾക തവ പുത്രനെ വൈകാതെ നീ....
സുരസ്ത്രീ സമയമായ കൗശിക പുർതിയോടും'-
കൗശികപുത്രി എന്ന് വിശേഷിപ്പിച്ചിരിക്കുന്നതാരെ?

(a) അനസൂയയെ (b) ശകുന്തളയെ
(c) ശീലാവതിയെ (d) ദമയന്തിയെ

(ii) ഏത് പാഠഭാഗത്തിൽ നിന്നെടുത്തിട്ടുള്ള വരികളാണിത്?

(a) കേശിനീമൊഴി (b) കണ്ണാടികാൺമോളവും
(c) രണ്ടു സ്വപ്നദർശികൾ (d) കിരാതവൃത്തം

2.(d) ഒളിച്ചു പിന്നൊട്ടു ധരിച്ചു ദൂതി
വിളിച്ചു ഭൈമീം വിജനേ പറഞ്ഞാൾ

(i) ദൂതി എന്ന് വിശേഷിപ്പിക്കുന്നതാരെയാണ്?

(a) കേശിനി (b) ദമയന്തി
(c) ഹംസം (d) അനസൂയ

(ii) പ്രസ്തുത ശ്ലോകം ഉൾപ്പെടുന്ന കൃതിയേത്?

(a) നളചരിതം ഒന്നാംദിവസം (b) രണ്ടാംദിവസം
(c) മൂന്നാം ദിവസം (d) നാലാം ദിവസം

2.(e)(i) കഥകളിയിലെ പദം എന്തിനെ സൂചിപ്പിക്കുന്നു?

(a) കുറേയേറെ ക്രിയകൾ രംഗത്ത് അവതരിപ്പിക്കാമെന്ന്
(b) സന്ദർഭം വിട്ടുകൊണ്ട് കഥാഭാഗം ചുരുക്കിപ്പറയാം
(c) കഥാപാത്രങ്ങളുടെ സംഭാഷണം
(d) കഥയുടെ തുടർച്ച

(ii) ഛലമുണ്ടെന്നതും തോന്നാ - ആർക്ക്?

(a) കേശിനിക്ക് (b) ബാഹുകന്

(c) ഉഗ്രതപസിന് (d) ശീലാവതിക്ക്

2.(f) (i) കളമെഴുതിപ്പാടിയ രാവുകൾക്ക് ചിലങ്ക കെട്ടിയതാര്?

(a) കാട്ടാറ് (b) കാടത്തികൾ

(c) അമ്പിളി (d) കാറ്റ്

(ii) കടമ്മനിട്ട രാമകൃഷ്ണന്റെ കൃതികളിൽ പെടാത്തതേത്?

(a) മത്സ്യം (b) കുറത്തി

(c) കോഴി (d) ശാന്ത

**3.** ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിലും രണ്ട് ഉപചോദ്യങ്ങൾ ഉണ്ട്) (5x2=10)

3.(a) (i) പെൺഗൗളി ഭർത്താവിന്റെ മുഖത്തേക്ക് അത്ഭുതാദരങ്ങളോടെ നോക്കി. എപ്പോൾ?

(a) കിശോരിലാലിനെക്കുറിച്ച് പറഞ്ഞപ്പോൾ

(b) ബോധിവൃക്ഷത്തെക്കുറിച്ച് പറഞ്ഞപ്പോൾ

(c) ചെറുപ്പക്കാരന്റെ മരണത്തെക്കുറിച്ച് പറഞ്ഞപ്പോൾ

(d) മുജ്ജന്മത്തിൽ കഥാകാരനായിരുന്നു എന്നു പറഞ്ഞപ്പോൾ

(ii) സന്ദർശകയുടെ വാക്കുകൾക്ക് യുവതിയിൽ പ്രതികരണമില്ലെന്നു കണ്ടപ്പോൾ സന്ദർശകയ്ക്കുണ്ടായ ഭാവമെന്തായിരുന്നു?

(a) നൈരാശ്യം (b) സന്തോഷം

(c) അമർഷം (d) സങ്കടം

3.(b) നിങ്ങൾക്ക് കിട്ടിയ അറിവ് ശരിയാണ്.

(i) ആര് ആരോട് പറഞ്ഞു?

(a) കച്ചവടക്കാരൻ കുട്ടികളോട് (b) വഴിയാത്രക്കാരൻ കുട്ടികളോട്

(c) ദിവാകരൻ കച്ചവടക്കാരനോട് (d) കച്ചവടക്കാരൻ ദിവാകരനോട്

(ii) എന്തായിരുന്നു അറിവ്?

(a) അസംഖ്യം ചിത്രങ്ങളുണ്ടെന്ന്

(b) ആ തെരുവിൽ ചിത്രങ്ങൾ ലഭിക്കുമെന്ന്

(c) ചിത്രങ്ങൾക്ക് സാധ്യതയുണ്ടാകുമെന്ന്

(d) കടകൾ രാത്രിയും അടയ്ക്കാറില്ലെന്ന്

3.(c) ഇതാ ഈ പടമാണ് ഞങ്ങൾ തിരഞ്ഞുകൊണ്ടിരുന്നത്. ഏങ്ങലടികൾക്കിടയിൽ അവർ പറഞ്ഞു.

(i) ആരാണ് പറഞ്ഞത്?

(a) ദിവാകരൻ (b) കടക്കാരൻ

(c) കുട്ടികൾ (d) പത്മരാജൻ

(ii) ഏതു പടമാണ് അവർ തെരഞ്ഞെടുത്തത്?

(a) ദിവാകരന്റെ (b) അച്ഛന്റെ

(c) കടക്കാരന്റെ (d) കുട്ടികളുടെ

3.(d) ഇതു കണ്ടെത്താനാണോ ആ പാവം രാജകുമാരൻ ഇക്കണ്ട ത്യാഗം സഹിച്ചത്?

(i) ഇതു പറഞ്ഞതാരാണ്?

(a) ആരതി (b) പെൺഗൗളി

(c) ആൺ ഗൗളി (d) ഡോക്ടർ

(ii) ആരാണ് ആ പാവം രാജകുമാരൻ?

(a) കിശോരലാൽ (b) ശ്രീബുദ്ധൻ

(c) സിദ്ധാർത്ഥൻ (d) വിവേകാനന്ദൻ

3.(e)(i) ഈ ഡിജിറ്റൽ കാലത്ത് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എന്താണ്?

(a) സാമൂഹികമാധ്യമങ്ങളുടെ വർധന

(b) ഇന്റർനെറ്റിന്റെ വ്യാപനം

(c) വ്യക്തിസ്വകാര്യത (d) കുറ്റകൃത്യങ്ങളുടെ വർദ്ധന

(ii) സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ ഇന്നത്തെ വിളിപ്പേരെന്ത്?

(a) ഫോർത്ത് എസ്റ്റേറ്റ് (b) ഫിഫ്ത്ത് എസ്റ്റേറ്റ്

(c)ബ്ലോഗ് (d) യൂട്യൂബ്

3.(f) (i) 'ഗൗളി ജന്മം' എന്ന കൃതി ഏതു സമാഹാരത്തിൽ ഉൾപ്പെടുന്ന കഥയാണ്?

(a) സ്വപ്നദർശികൾ (b) ഭ്രാന്തൻപൂക്കൾ

(c) പനിക്കണ്ണ് (d) നരകവാതിൽ

(ii) കൃതിയുടെ സ്വഭാവത്തിൽ ഉൾപ്പെടുത്താവുന്ന പ്രസ്താവന ഏതാണ്?

(a) സ്ത്രീയുടെ സ്വത്വബോധം (b) ഐറണികൾ

(c) സാമൂഹിക വിമർശനം (d) നാടകീയത

## Section : B / ബി വിഭാഗം

**4. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും പത്തെണ്ണത്തിന് മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം)**

നിത്യ ജീവിതത്തിൽ നാം പണം കൈകാര്യം ചെയ്യാത്ത ദിവസമില്ല. എത്ര രൂപയാണ് ഓരോ ദിവസവും നമ്മുടെ കൈകളിലൂടെ കടന്നുപോകുന്നത്? രൂപയെക്കുറിച്ചും അതു രൂപപ്പെട്ട വഴിയെക്കുറിച്ചും നമുക്ക് മനസ്സിലാക്കാം. ഇന്ത്യയിൽ എന്നാണ് പണം ആദ്യമായി ഉപയോഗിച്ചതെന്നതിന് കൃത്യമായ വിവരമില്ല. മൗര്യ സാമ്രാജ്യത്തിലെ ആദ്യ ചക്രവർത്തി ചന്ദ്രഗുപ്തമൗര്യന്റെ ഭരണകാലത്താണ് ആദ്യമായി നാണയങ്ങൾ ഉപയോഗിച്ചതെന്നാണ് അനുമാനം. അദ്ദേഹത്തിന്റെ മന്ത്രിയായിരുന്ന ചാണക്യന്റെ അർത്ഥശാസ്ത്രത്തിൽ വിവിധതരം നാണയങ്ങൾ ഉണ്ടാക്കിയിരുന്നതായി പരാമർശമുണ്ട്. അവ സ്വർണം, വെള്ളി, ചെമ്പ് തുടങ്ങിയവ കൊണ്ടായിരുന്നു. 'സിർക്' നാണയങ്ങൾ എന്ന് അറിയപ്പെട്ടത് ഇവയായിരിക്കാം എന്ന് അനുമാനിക്കുന്നു. കുശാന രാജവംശത്തിന്റെ കാലത്താണ് നാണയങ്ങളിൽ രൂപ മുദ്രണം ചെയ്യാൻ തുടങ്ങിയത്. എ.ഡി.പന്ത്രണ്ടാം നൂറ്റാണ്ടിലാണ് ഡൽഹി സുൽത്താൻമാർ 'ടാങ്ക' എന്ന നാണയം പുറത്തിറക്കിയത്. മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ കാലത്തായിരുന്നു അത്. പ്രാതിനിധ്യ സ്വഭാവമുള്ള പേപ്പർ കറൻസിയുടെ ആദിരൂപമായി അതിനെ കണക്കാക്കാം. ഷേർഷാ സൂരി അധികാരത്തിൽ വന്നപ്പോൾ (1540-1545) സ്വർണം – വെള്ളി മിശ്രിതങ്ങൾ ചേർത്ത് 178 ഗ്രാം തൂക്കമുള്ള നാണയങ്ങൾ നിർമ്മിച്ചു. റുപ്പിയ എന്നാണ് അത് അറിയപ്പെട്ടത്. ഈ സമ്പ്രദായം പിന്നീട് പലരാജ്യങ്ങളും ഏറ്റെടുത്തിരുന്നു. മുഗൾ ഭരണകാലത്തും മറാത്താഭരണകാലത്തും പിന്നീട് ബ്രിട്ടീഷ് ഇന്ത്യയിലും ഈ രീതി നിലനിന്നു.

ബ്രിട്ടീഷുകാർ റുപ്പിയയുടെ സ്ഥാനത്ത് പൗണ്ട് സ്റ്റർലിങ് പ്രതിഷ്ഠിക്കാൻ ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. 1857ലെ ശിപായി ലഹളയ്ക്കു ശേഷം രൂപ ഇന്ത്യയുടെ ഔദ്യോഗിക കറൻസിയായി ബ്രിട്ടീഷുകാർ അംഗീകരിച്ചു. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ കറൻസി പുറത്തിറങ്ങിയത് 1950 ആഗസ്റ്റ് 15നാണ്. 1935 ഏപ്രിൽ ഒന്നിനാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിലവിൽ വന്നത്. 1934ലെ ആർ ബി ഐ ആക്ടിലെ 22 വകുപ്പ് അനുസരിച്ച് രൂപയുടെ പൂർണ്ണ ഉത്തരവാദിത്വം ആർ ബി ഐ ൽ നിക്ഷിപ്തമാക്കി. 1938 ൽ ജോർജ് ആറാമന്റെ രൂപം ആലേഖനം ചെയ്ത അഞ്ചു രൂപാ നോട്ട്, തുടർന്ന് 10, 100, 1000, 10,000 രൂപാ നോട്ടുകളും അന്ന് അടിച്ചിറക്കി. ഇന്ത്യൻ കോയിനേജ് ആക്ട് നിലവിൽ വന്നത് 1967 ഏപ്രിൽ ഒന്നിനാണ്. അതോടെ ഒരു രൂപ എന്നാൽ 100 പൈസ എന്നായി. കാഴ്ചവൈകല്യമുള്ളവർക്കു കൂടി നാണയങ്ങളുടെ ആകൃതി സ്പർശിച്ച് മനസ്സിലാക്കാവുന്ന തരത്തിലുള്ളതായിരുന്നു അവയുടെ രൂപകൽപ്പന. ഒരു നയാപൈസ വട്ടത്തിൽ അരികുകൾ കൊത്തി മിനുക്കിയ രണ്ടു പൈസ, ചതുരത്തിലുള്ള അഞ്ചു പൈസ, രണ്ടു പൈസയുടെ മാതൃകയിലുള്ള അൽപ്പം വലിയ കൂടിയ പത്തുപൈസ, തുടങ്ങിയവയായിരുന്നു നാണയങ്ങൾ. 2016 നവംബർ എട്ടിനാണ് 500, 1000 രൂപയുടെ നോട്ടുകൾ സർക്കാർ പിൻവലിച്ചത്. മാർക്കറ്റിലുണ്ടായിരുന്ന പണത്തിന്റെ 86.4 ശതമാനവും പിൻവലിക്കപ്പെട്ടു. പകരം 2000 രൂപാ നോട്ടുകളും അടിച്ചിറക്കി. രൂപയ്ക്ക് ചിഹ്നം ഉണ്ടായത് 2010 ജൂലായ് 15നാണ്. അങ്ങനെ അംഗീകരിക്കപ്പെട്ട ഔദ്യോഗിക കറൻസി ചിഹ്നമുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയും സ്ഥാനം നേടി. രൂപയുടെ ചിഹ്നം രൂപകൽപ്പന ചെയ്തത് തമിഴ്നാട് സ്വദേശി ഡി.ഉദയകുമാറാണ്.

**ചോദ്യങ്ങൾ** (10x1=10)

4.(a) ഏതു വർഷമാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിലവിൽ വന്നത്?

4.(b) ചാണക്യൻ ആരുടെ മന്ത്രിയായിരുന്നു?

4.(c) എ.ഡി. പന്ത്രണ്ടാം നൂറ്റാണ്ടിൽ ഡൽഹി സുൽത്താൻമാർ പുറത്തിറക്കിയ നാണയമേത്?

4.(d) നാണയങ്ങളിൽ രൂപ മുദ്രണം ചെയ്യാൻ തുടങ്ങിയത് എന്ന് മുതലാണ്?

4.(e) ബ്രിട്ടീഷുകാർ ഇന്ത്യൻ റുപ്പിയയുടെ സ്ഥാനത്ത് പ്രതിഷ്ഠിക്കാൻ ശ്രമിച്ചതെന്ത്?

4.(f) സ്വതന്ത്ര ഇന്ത്യുടെ ആദ്യത്തെ കറൻസി പുറത്തിറക്കിയത് എന്നാണ്?

4.(g) രൂപയുടെ ചിഹ്നം രൂപകൽപ്പന ചെയ്ത് ഏതു സംസ്ഥാനക്കാരനാണ്?

4.(h) രൂപ ഇന്ത്യയുടെ ഔദ്യോഗിക കറൻസിയായി ബ്രിട്ടീഷുകാർ അംഗീകരിച്ച്ത് എപ്പോൾ?

4.(i) സ്വർണം, വെള്ളി, ചെമ്പ് എന്നിവ കൊണ്ടുണ്ടാക്കിയ നാണയങ്ങൾ ഏതായിരിക്കാം എന്നാണ് അനുമാനിക്കുന്നത്?

4.(j) 2016 നവംബർ എട്ടിന് സർക്കാർ പിൻവലിച്ച നോട്ടുകൾ ഏതെല്ലാം?

4.(k) ആര് അധികാരത്തിൽ വന്നപ്പോഴാണ് സ്വർണം – വെള്ളി മിശ്രിതങ്ങൾ ചേർത്ത് 178 ഗ്രാം തൂക്കമുള്ള നാണയങ്ങൾ നിർമ്മിച്ചത്?

4.(l) ഇന്ത്യൻ കോയിനേജ് ആക്ട് നിലവിൽ വന്നതെപ്പോൾ?

**5. ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (5x3=15)

5.(a) ഉണ്ണായി വാര്യരുടെ കാവ്യഭാഷയുടെ സവിശേഷതകൾ 'കേശിനീമൊഴി' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക.

5.(b) 'വിണ്ണിൽ നിന്നും രീതി തന്നുടെ വാക്യം കേട്ടു' – അശരീരി വാക്യം കഥാഗതിയെ മാറ്റിയതെങ്ങനെ?

5.(c) കാലാകാലങ്ങളായി അടിച്ചമർത്തപ്പെട്ടവരുടെ രോഷം കിരാതവൃത്തത്തിലെ കാട്ടാളനിലൂടെ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

5.(d) 'വിളിച്ചു ഭൈമീം വിജനേ പറഞ്ഞാൾ' – ആരാണ് ഭൈമിയെ വിളിച്ചത്? എന്തെല്ലാമാണ് പറഞ്ഞത്?

5.(e) ശീലാവതി അനുഭവിക്കുന്ന മാനസിക പീഡനങ്ങൾ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

5.(f) കിരാതവൃത്തം കവിതയിൽ കവി സൃഷ്ടിച്ചിരിക്കുന്ന ദ്രാവിഡബിംബ കല്പനകളുടെ കാവ്യഭംഗി വിശദീകരിക്കുക.

**6. ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (5x3=15)

6.(a) പെൺഗൗളി ചിലച്ച് കലശലായി പ്രതിഷേധിച്ചു – പ്രതിഷേധിക്കാൻ കാരണമെന്ത്? സന്ദർഭം വിശദീകരിക്കുക.

6.(b) ഗൗളിജന്മത്തിൽ ഗ്രേസി അവതരിപ്പിക്കുന്ന സാമൂഹിക വിമർശനതലമെന്ത്?

6.(c) ഉപഭോക്തൃ സംസ്കാരത്തെക്കുറിച്ചുള്ള പത്മരാജന്റെ കാഴ്ചപ്പാടുകൾ വിവരിക്കുക?

6.(d) അസംഖ്യം ചിത്രങ്ങളുടെ നിരയ്ക്കു മുന്നിൽ എന്തു ചെയ്യണമെന്നറിയാതെ അയാൾ പകച്ചു നിന്നു – എന്തായിരുന്നു അയാളുടെ ധർമ്മസങ്കടം?

6.(e) പരമ്പരാഗത മാധ്യമങ്ങളിൽ നിന്ന് സാമൂഹിക മാധ്യമങ്ങൾ ഏതെല്ലാം നിലകളിൽ വ്യത്യസ്തമായിരിക്കുന്നു?

6.(f) സാമൂഹിക മാധ്യമങ്ങൾ ജനാധിപത്യ വേദികൾ കൂടിയാണ് എന്നു പറയാൻ കാരണമെന്ത്?

**7. താഴെ കൊടുത്തിരിക്കുന്ന രണ്ട് ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് 150–ൽ കുറയാത്ത വാക്കുകളിൽ ഉത്തരം എഴുതുക**

(i) 'ചിറ ഒരു ജലാശയം മാത്രമായിരുന്നില്ല ആ പ്രദേശത്തിന്റെ അലങ്കാരവും അഹങ്കാരവും ആയിരുന്നു'. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

അല്ലെങ്കിൽ

(ii) എം.ടി.അമ്മയെക്കുറിച്ചുള്ള എന്തെല്ലാം ഓർമ്മകളാണ് 'അമ്മയ്ക്ക്' എന്ന കൃതിയിലൂടെ പങ്കുവയ്ക്കുന്നത്. (1x5=5)

**8. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.**

(i) മഹാമാരിയെ അതിജീവിച്ച കേരളം

(ii) ദൃശ്യമാധ്യമങ്ങൾ പുലർത്തേണ്ട സത്യസന്ധത (1x5=5)

**9.** പാഠ്യപദ്ധതി പരിഷ്കരണ സമയത്ത് നിങ്ങൾക്കുള്ള നിർദ്ദേശങ്ങൾ സൂചിപ്പിച്ചുകൊണ്ട് സംസ്ഥാന വിദ്യാഭ്യാസ മന്ത്രിക്ക് കത്ത് തയ്യാറാക്കുക. (1x5=5)